**മയ്യിൽ ഗ്രാമപഞ്ചായത്ത്കാര്യാലയം**
പി ഒ മയ്യിൽ, കണ്ണൂർ ജില്ല–670602,ഫോൺ 04602275210(ഓഫീസ്)
Email:mayyilpanchayat@gmail.com

തീയ്യതി: 21/02/2024

**പ്രേഷിതൻ**

സെക്രട്ടറി

**മയ്യിൽ ഗ്രാമ പഞ്ചായത്ത്**

**സ്വീകർത്താവ്**

ഇന്റേണൽ വിജിലൻസ് ഓഫീസർ

സ്ഥിരം അദാലത്ത് സമിതി

കണ്ണൂർ

വിഷയം: മയ്യിൽ ഗ്രാമ പഞ്ചായത്ത് – ശ്രീമതി കുന്നത്ത് വീട്ടിൽ വിനോദിനി എന്നവരുടെ പുതിയതായി നിർമ്മിച്ച വീടിന് കെട്ടിട നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച പരാതി – റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: ഇന്റേണൽ വിജിലൻസ് ഓഫീസറുടെ നിർദ്ദേശം

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മയ്യിൽ വില്ലേജിൽ 19/111, 19/131 ൽ പെട്ടതും ശ്രീമതി കുന്നത്ത് വീട്ടിൽ വിനോദിനി എന്നവരുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ 365.21 ച.മീ വിസ്തീർണ്ണമുള്ള വീടിന് കെട്ടിടനമ്പർ അനുവദിക്കുന്നതിനായി 30/11/2024 ന് ടിയാൾ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ അസി.എഞ്ചിനീയർ സൈറ്റ് പരിശോധന നടത്തി നിർമ്മാണം KPBR ന് വിധേയമാണ്, പെർമിറ്റ് നൽകിയ 299.91 ച.മീ ൽ നിന്നും അധികമായി നിർമ്മാണം നടത്തിയ 65.30 ച.മീ ക്രമവൽക്കരിച്ച് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തത് പ്രകാരം 19590/- രൂപ ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകിയിട്ടുള്ളതാണ്. വസ്തുനികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിനായി വാർഡ് ചുമതലയുള്ള അന്വേഷണ ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തിയതില് KPBR ചട്ടം 79 പ്രകാരം 300 ച.മീ ൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് ബാധകമായിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തത് പ്രകാരം ആയത് സ്ഥാപിക്കുന്നതിന് അപേക്ഷകയ്ക്ക് നിർദ്ദേശം

നൽകുകയും പുന:പരിശോധിക്കുന്നതിനായി ഫയൽ അസി.എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തു. തുടർന്ന് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് ടിയാൾ ഫോൺ മുഖേന അറിയിക്കുകയും വീണ്ടും പരിശോധന നടത്തിയതിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതായി ബോധ്യപ്പെട്ടത് പ്രകാരം കെട്ടിടനമ്പർ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ് എന്ന വിവരം ബോധിപ്പിക്കുന്നു. 30/11/2023 ന് സമർപ്പിച്ച അപേക്ഷയോടൊപ്പം സൈറ്റിൽ റിംഗ് കമ്പോസ്റ്റ് മാത്രമാണ് സ്ഥാപിച്ചിട്ടുണ്ടായിരുന്നത്. ആയത് 365.21 ച.മീ വിസ്തീർണ്ണമുള്ള വീടിന് പര്യാപ്തമല്ല എന്ന് ബോധ്യപ്പെട്ടതിനാലാണ് ആയത് മാറ്റി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയതും ഫയലിൽ കാലതാമസം വന്നതും എന്ന വിവരം ബോധിപ്പിക്കുന്നു. നിലവിൽ പ്ലാനിൽ കാണിച്ചത് പ്രകാരമല്ലാത്ത പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചത് പരിശോധിച്ച് നമ്പർ നൽകിയിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ

21/2/2024

Secretary
Mayyil Grama Panchayath
P.O. Mayyil -670602
Ph: 0460 227510